വനിത ശിശു വികസന
ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി: 10/06/2022
Email -
directorate.wcd@kerala.gov.in
Phone - 0471 – 2346534

വനിത ശിശു വികസന ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും

സർ,

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഡയറക്ടറേറ്റ് - ഫയൽ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട ആക്ഷൻ പ്ലാൻ – സംബന്ധിച്ച്.

സൂചന :- 1. ഈ കാര്യാലയത്തിലെ 07.06.2022 തീയതിയിലെ ഇതേ നമ്പർ കത്ത്.
2. സർക്കാരിന്റെ 09.06.2022 തീയതിയിലെ ഡബ്ല്യു .സി.ഡി.- പി.എസ്.2/118/2022 നമ്പർ കത്ത്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഫയൽ തീർപ്പാക്കൽ യജ്ഞം സംബന്ധിച്ച് മുന്നൊരുക്കങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശം സൂചന (1) പ്രകാരം നൽകിയിരുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) ആയതിൻപ്രകാരം ഓരോ ഓഫീസിലും നടപടി സ്വീകരിക്കേണ്ടതാണ്. ജില്ലാ തല ഓഫീസ് മേധാവി ജില്ലാ തലത്തിലുള്ള ഫയൽ അദാലത്ത് നടത്തുന്നതിനും നടപടി റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. (wcddsection@gmail.com)

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

## വനിത ശിശു വികസന വകുപ്പ്

## ഫയൽ തീർപ്പാക്കൽ – ആക്ഷൻ പ്ലാൻ

1. 2022 ജൂൺ 10 ന് മുമ്പ് കീഴ്ക്കാര്യാലയ മേധാവികൾക്ക് മുന്നൊരുക്കങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശം നൽകുക.
2. ജൂൺ 15 ന് മുമ്പ് തീർപ്പാക്കുന്നതിനുള്ള ഫയലുകളുടെ ലിസ്റ്റ് ജില്ലാ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും തയ്യാറാക്കുന്നതാണ്.
3. ജൂൺ 15 മുതൽ തീർപ്പാക്കാനുള്ള ഫയൽ വിവരങ്ങൾ ശേഖരിക്കുകയും വിവരങ്ങൾ ലഭ്യമാക്കാനുള്ള ഓഫീസുകൾക്ക് പ്രസ്തുത വിവരം കൈമാറേണ്ടതുമാണ്.
4. രണ്ടാഴ്ചയിലൊരിക്കൽ ജില്ലാ തല ഓഫീസ് മേധാവി ജില്ലാ തലത്തിലുള്ള ഫയൽ അദാലത്ത് നടത്തി അവലോകനം നടത്തേണ്ടതും നടപടി റിപ്പോർട്ട് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.
5. മാസത്തിലൊരിക്കൽ വകുപ്പ് തല മേധാവി വകുപ്പ് തലത്തിൽ പുരോഗതി വിലയിരുത്തുന്നതാണ്.
6. തീർപ്പാക്കൽ യജ്ഞം പൂർത്തിയാക്കുമ്പോൾ ജില്ലാ തല ഓഫീസുകളിലും ഡയറക്ടറേറ്റ് തലത്തിലും സെപ്റ്റംബർ 15 നകം ഫയൽ തീർപ്പാക്കൽ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും സെപ്റ്റംബർ 25 ന് പുരോഗതി റിപ്പോർട്ടിന്റെ സമാഹൃത ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമാണ്.

വനിത ശിശു വികസന ഡയറക്ടർ

Signature valid

Digitally signed by ...anka G
Date: 2022.06.1... 57:36 IST
Reason: ...